നിയമാനുസൃതമായി തീരുമാനം കൈക്കൊള്ളണമെന്ന് സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി 3-6-2010-ൽ 8325/09 എന്ന WP (C) - യിന്മേൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. പ്രതിമാസം നൽകുന്ന പെൻഷൻ തുക

255 (4044) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ ഇനത്തിൽ പ്രതിമാസം എത്ര പേർക്ക് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പെൻഷൻ വിതരണം ചെയ്യാനുള്ള തുക കണ്ടെത്തുന്നത് എവിടെ നിന്നാണ് ;

(സി) അനുദിനം സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കെ.എസ്. ആർ.ടി.സി. യെ രക്ഷിക്കാൻ പെൻഷൻ തുകയ്ക്കാവശ്യമായ പണം നൽകാൻ, സർക്കാർ തയ്യാറാകുമോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ പ്രതിമാസം 35,560 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. പ്രതിമാസം പെൻഷൻ അനുവദിക്കുന്നതിന് 22 കോടിയോളം രൂപ ചെലവാകുന്നുണ്ട്.

(ബി) കോർപ്പറേഷൻ പെൻഷൻ വിതരണം ചെയ്യുന്നതിന് പ്രത്യേക ഫണ്ട് സ്വരൂപിച്ചിട്ടില്ല. കോർപ്പറേഷന്റെ വരവിനേക്കാൾ ചെലവ് കൂടുതലായതിനാൽ ലോൺ എടുത്തും, കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ചുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി. പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിന് നടപടി

256 (4045) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പുതുക്കിയ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ടോ ;

(സി) പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി തുക അനുവദിക്കുമോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly